# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1322

21.03.2013-ൽ മറുപടിയ്ക്ക്

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ നവീകരണം**

| ചോദ്യം<br>ശ്രീ. വി. ശശി | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് മേജർ ഡിസ്ട്രിക്റ്റ് റോഡുകളായി പ്രഖ്യാപിച്ച റോഡുകളുടെ നവീകരണത്തിനായി 2012 -13 ൽ 50 കോടി രൂപ വകയിരുത്തിയതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ നവീകരണത്തിനായി കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ ബഹു. ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൽ 17.47 കോടി രൂപയുടെ ഭരണാനുമതി ജി.ഒ. (ആർ.റ്റി) നമ്പർ 313/13/പൊ.മ.വ., തീയതി 02.03.2013 പ്രകാരം നൽകിയിട്ടുണ്ട്. ബാക്കി തുകയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി നൽകിയിരിക്കുകയാണ്. |
| (ബി) അത്തരത്തിലുള്ള എത്ര റോഡുകളുടെ നവീകരണത്തിനായി ഈ വർഷം ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ; | (ബി) ഭരണാനുമതി നൽകിയ റോഡുകളുടെ പൂർണമായ വിശദവിവരം പിന്നീട് ലഭ്യമാക്കുന്നതാണ്. |
| (സി) ഭരണാനുമതി ലഭിച്ച പ്രസ്തുത റോഡുകളിൽ എത്രയെണ്ണത്തിന് സാങ്കേതികാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ? | (സി) ഭരണാനുമതി ലഭിച്ച എല്ലാ റോഡുകൾക്കും സാങ്കേതികാനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ